## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2254 17/02/2016 മറുപടിയ്ക്ക്

**ഇടുക്കിയിലെ ആദിവാസി ജനവിഭാഗത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജക മണ്ഡലത്തിലെ ആദിവാസി ജന വിഭാഗത്തിന്റെ വികസന ഉന്നമന ത്തിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാംലറ്റ് വികസനപദ്ധതി, ഫുഡ് സപ്പോർട്ട് സ്കീം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള വിവിധ പദ്ധതി ഹൗസിംഗ്, വീട് അറ്റകുറ്റപ്പണി, പ്രത്യേക കേന്ദ്ര സഹായ പദ്ധതി എന്നീ പദ്ധതികൾ ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം മോഡൽ കോളനി, ഹാംലറ്റ് ഡെവലപ്പ്മെന്റ് പദ്ധതി, സമഗ്രവികസന പദ്ധതി എന്നിവ യിലൂടെ ഇടുക്കി നിയോജക മണ്ഡല ത്തിൽ എന്തെല്ലാം കാര്യങ്ങൾ പ്രാവർത്തികമാക്കിയെന്ന് വ്യക്തമാക്കുമോ? | (ബി) | മോഡൽ കോളനി, സമഗ്ര വികസന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടില്ല. ഹാംലറ്റ് വികസനപദ്ധതിയിൽ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ഉമ്മൻചാണ്ടി കോളനിയെയും കാഞ്ചിയാർ ഗ്രാമപഞ്ചായത്തിലെ കോഴിമല എസ്.ടി. കോളനിയെയും തെരഞ്ഞെടുത്ത് കോളനികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കുളം നിർമ്മാണം, കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, സ്ട്രീറ്റ് ലൈറ്റ്, റോഡ് നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, കളിസ്ഥലം നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ